## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 22** — **28.05.2019 - ൽ മറുപടിക്ക്.**

## പൊതുവിതരണ രംഗത്തെ സോഷ്യൽ ഓഡിറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**,, എം. നൗഷാദ്**<br>**,, കെ.ഡി. പ്രസേനൻ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ പൊതുവിതരണ രംഗത്ത് കൂടുതൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം സെക്രട്ടറിയേറ്റ് തലത്തിലും വകുപ്പ് തലത്തിലും ഉണ്ട്. പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966 ലെ കെ.ആർ.ഒ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.കളും മാസത്തിൽ ഒരു തവണ പരിശോധിക്കുന്നതിനും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സിവിൽ സപ്ലൈസ് കമ്മീഷണറുടെ 07.01.17 ലെ 1/17 സർക്കുലർ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം, 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പൊതുവിതരണ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിതെളിച്ചുകൊണ്ട് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി |

വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ടി നിയമം നടപ്പിൽ വന്നതോടുകൂടി പൊതുവിതരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി തീർന്നിട്ടുണ്ടെന്ന് കാണുന്നു. ഇതിന്റെ ഭാഗമായി കാർഡുടമകൾക്ക് അവരുടെ പ്രതിമാസ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. അലെർട്ടായി നൽകി വരികയും ചെയ്യുന്നു.

| | |
|---|---|
| (ബി) പൊതുവിതരണം സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന പരാതികൾ രേഖപ്പെടുത്തുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ക്രമക്കേടുകളും അഴിമതിയും ഒഴിവാക്കുന്നതിന് പൊതു വിതരണ സമ്പ്രദായത്തെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ഡി) ഇതിന്റെ ഭാഗമായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) & (ഡി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിന് മുന്നോടിയായി പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി ധാരണയാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2019 ജൂണിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾ വഹിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 9,40,005/- രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി, ആദ്യ ഗഡുവായി 6,58,004/- രൂപയും (70%) രണ്ടാം ഗഡുവായി 1,88,001/- രൂപയും (20%) TISS ന് നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ